2

# പുതിയ നിയമത്തിൽ ചടങ്ങും മനസിലാക്കലുംന

*“എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പാൻ കഴിയുന്നതല്ല, ദൈവത്തിന്റെ അടുക്കൽ വരുന്നവർ ദൈവം ഉണ്ട് എന്നും തന്നെ, അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലൊ” (എബ്രായർ 11:6).*

മനുഷ്യനെ ദൈവത്തോടുള്ള പ്രതികരണത്തിലേക്കു നയിക്കുന്ന അഞ്ചു തത്വങ്ങൾ പഴയ നിയമത്തിലും പുതിയ നിയമത്തിലുമുണ്ട്:

(1) മനുഷ്യന്റെ യോഗ്യതാ പ്രവൃത്തി കൂടാതെയുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിന്മേൽ ലഭിക്കാവുന്ന അനുഗ്രഹങ്ങൾ (മത്തായി 9:27–30).

(2) അന്ധമായ അനുസരണം ആവശ്യപ്പെടുന്ന വിശ്വാസത്തിന്മേൽ ലഭിക്കാവുന്ന അനുഗ്രഹങ്ങൾ,അതായത് അന്യഗ്രഹത്തിൽ വി ശ്വാസമോ മനസിലാക്കലോ ഇല്ലാത്ത പ്രവൃത്തി എന്നർത്ഥം (പ്രവൃത്തി 3:4).

(3) നേടിയെടുക്കാനായ ഫലത്തിനുവേണ്ടി ഉത്തേജിപ്പിക്കുന്ന പ്രവൃത്തി ചെയ്യുന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിന്മേൽ ലഭിക്കാവുന്ന അനുഗ്രഹങ്ങൾ ലോകത്തെ അതിജീവിക്കൽ (ഫലം ആവശ്യപ്പെടുന്ന മനുഷ്യ പ്രവൃത്തി). യേശുവിലുള്ള വിശ്വാസത്തിന്റെ ഫലം അതാണ് (1 യോഹന്നാൻ 5:4, 5).

(4) വിശ്വാസത്തിൽ അധിഷ്ഠിതമായ പ്രവൃത്തിയാൽ ലഭിച്ചേക്കാവുന്ന അനുഗ്രഹം. പ്രവൃത്തിയും ഫലവും തമ്മിലുള്ള താത്വിക ബന്ധം അറിയാതെ ചെയ്യുന്നതാണ് (യോഹന്നാൻ 9:1–7).

(5) വിശ്വാസിക്കുന്ന ആൾക്കല്ലാതെ മറ്റൊരാൾക്കു ലഭിച്ചേക്കാവുന്ന അനുഗ്രഹം (മത്തായി 9:1-7).

അതുകൊണ്ടു,സ്നാനം, ഈ അഞ്ചു തത്വങ്ങളിൽ ഒന്നിൽ നിയന്ത്രിക്കപ്പെടുന്നു.

**വിശ്വാസവും അന്ധമായ അനുസരണവും**

ഒരു കല്പനയോടുള്ള അന്ധമായ അനുസരണം അനുഗ്രഹിക്കേണ്ടതിന്നുള്ള ദൈവവിശ്വാസത്തിലുള്ള പ്രവൃത്തിയിൽ നിന്നു മനസിലാക്കലും കാഴ്ച്ചയും വ്യത്യസ്തമാണ്. അന്ധമായ അനുസരണത്തിന്നു എന്തു കല്പിച്ചിരിക്കുന്നു എന്നു മനസിലാക്കിയാൽ മതി, അതേസമയം വിശ്വാസത്തിന്നു കല്പനയും അതോടൊപ്പം അനുകൂലം, അനുഗ്രഹം അതുമായി ബന്ധപ്പെട്ട മുന്നറിയിപ്പും മനസിലാക്കേണ്ടതു ആവശ്യമാണ്. എന്തുകൊണ്ടാണ് ഈ പ്രത്യേക പ്രവൃത്തി ചെയ്യേണ്ടതെന്നോ, എവിടെയാണെന്നോ, പ്രതീക്ഷിക്കുന്ന ഫലവുമായുള്ള അതിന്റെ യുക്തിപരമായ ബന്ധമെന്തെന്നോ വിശ്വാസമുള്ള ആൾ മനസിലാക്കേണ്ട ആവശ്യമില്ല. കല്പനയോടു ശരിയായി പ്രതികരിക്കാൻ മതിയായ മനസിലാക്കൽ മതിയാകും. പ്രവൃത്തിക്കുപരിയായ വിശ്വാസം ഉണ്ടായിരിക്കണം, അല്ലെങ്കിൽ, പ്രവൃത്തി അന്ധമായ അനുസരണമായി തീരും. വാഗ്ദാനത്തോടു കൂടിയ കല്പന ആവശ്യപ്പെടുന്നതു വാഗ്ദാനം എന്താണെന്നു മനസ്സിലാക്കുക മാത്രമല്ല, ദൈവം വാഗ്ദാന നിവൃത്തി നടത്തും എന്നു അവനിൽ *വിശ്വസിക്കയും* വേണം

ദൈവം, അബ്രാഹാമിനോടു തന്റെ മകനായ ഇസഹാക്കിനെ യാഗം കഴിക്കുവാൻ ആവശ്യപ്പെട്ടതു, മനസിലാക്കൽ ആവശ്യമില്ലാത്ത അന്ധമായ അനുസരണമായിരുന്നു എന്നു ചിലർ വാദിക്കാറുണ്ട്. അതു വാസ്തവമല്ല, ദൈവം തന്റെ നിയമം ഇസഹാക്കിൽ കൂടെ നിറവേറ്റും എന്നതായിരുന്നു ദൈവവാഗ്ദാനം (ഉല്പത്തി 17:17-19). ഇസഹാക്കിനെ കൊന്നാൽ വാഗ്ദാനം ഇല്ലാതാകുമല്ലോ; (എബ്രായർ 11:17-19) അതുകൊ ണ്ടു,ദൈവം അവനിൽ നിന്നു ആവശ്യപ്പെട്ട പ്രവൃത്തി വിശ്വാസപരീ ക്ഷണമായിരുന്നു,അതു ദൈവം നല്കിയ വാഗ്ദാനം മനസിലാക്കി ചെ യ്യേണ്ടതായിരുന്നു.

കല്പനയുമായി ബന്ധപ്പെട്ട വാഗ്ദാനം മനസിലാക്കുക മാത്രമല്ല വിശ്വാസം ആവശ്യപ്പെടുന്നത്, ആ പ്രവൃത്തിയുടെ നല്ല ഉദ്ദേശവും മനസിലാക്കണം. അന്ധമായ അനുസരണത്തിനു ഇതു രണ്ടും ആവശ്യമില്ല.

**പുതിയ നിയമ ഉദാഹരണങ്ങൾ**

പത്രോസും യോഹന്നാനും ദേവാലയത്തിൽ ചെന്നപ്പോൾ,

നാല്പതു വർഷത്തിലധികമായി മുടന്തുള്ള ഒരു ഭിക്ഷക്കാരനെ കണ്ടു (പ്രവൃത്തി 3:2; 4:22). ക്രിസ്തു മുഖാന്തരമുള്ള ശക്തിയാൽ, അവർ ആ മുടന്തനെ സൗഖ്യമാക്കി (പ്രവൃത്തി 4:10). വിശ്വാസത്തിൽ അധിഷ്ഠിതമായ പ്രതികരണവും അന്ധമായ അനുസരണവും ഈ കാര്യത്തിൽ കാണാം. പത്രൊസ് ആ മനുഷ്യനോടു, "ഞങ്ങളെ നോക്കുക!" എന്നു പറഞ്ഞു (പ്രവൃത്തി 3:4). കാരണം നോക്കി മനസിലാക്കേണ്ട ആവശ്യകത ഈ കല്പനയിൽ വരുന്നില്ല,വാഗ്ദാനം ചെയ്ത അനുഗ്രഹത്തിലുള്ള വിശ്വാസമോ ശരിയായ ഉദ്ദേശമോ ഇല്ലാത്ത അനുസരണം – അന്ധമായതാണ്.

വാസ്തവത്തിൽ,തെറ്റായ ഉദ്ദേശത്തിന്നു അതിനെ നോക്കുന്ന വ്യക്തി, "... അതിൽ നിന്നു ചിലതു കിട്ടുവാൻ പ്രതീക്ഷിക്കുന്നു." (അവൻ യാചിക്കുന്നതോ, ധർമ്മമോ, ദാനമോഎന്തെങ്കിലുമായിരിക്കുമെന്ന് വ്യക്തം, പ്രവൃത്തി 3:5). എങ്ങനെയായാലും,പത്രൊസ് "ഞങ്ങളെ നോക്കുക!" എന്നു പറഞ്ഞപ്പോൾ, അവൻ നോക്കിയതു അന്ധമായ അനുസരണമായിരുന്നു.

യോഹന്നാന്റേയും പത്രോസിന്റേയും അടുത്ത കല്പനയിൽ, അന്ധമായ അനുസരണത്തേക്കാൾ കൂടുതൽ ആവശ്യമാകുന്നു അതിൽ അനുഗ്രഹം മാത്രമല്ല ഉൾപ്പെട്ടിരിക്കുന്നത്, വിശ്വാസവും മനസിലാക്കലും വേണമായിരുന്നു. അവനു നടക്കാൻ കഴിയുകയില്ലെന്നു അറിയാമായിരുന്നു; ഏതാണ്ട് നാല്പതു വർഷമായി (പ്രവൃത്തി 4:22). നടക്കുവാനുള്ള പരിശ്രമത്തിൽ അനുസരണം മാത്രമല്ല ആവശ്യമായി വന്നതു. യേശുവിന്റെ നാമത്തിൽ നടക്കുവാൻ കല്പിച്ചതുകൊണ്ട് യേശുവിലുള്ള *വിശ്വാസവും,* ആവശ്യമായിരുന്നു (പ്രവൃത്തി 3:6).

കല്പനയിൽ വാഗ്ദാനം ചെയ്തിരിക്കുന്നതു, അവൻ മനസിലാക്കിയിരുന്നില്ലെങ്കിൽ ആ കല്പനയിൽ അവൻ *വിശ്വസിച്ചു* പ്രവർത്തിക്കുമായിരുന്നില്ല, അവനു തിരഞ്ഞെടുക്കാവുന്ന ഒന്നുമാത്രമായിരുന്നു അന്ധമായ അനുസരണം. യേശുവിന്റെ നാമത്തിൽ നടക്കാൻ കഴിയുമെന്ന വാഗ്ദാനം അവൻ മനസിലാക്കിയതുകൊണ്ട്, വിശ്വാസത്തിൽ അവൻ പ്രവർത്തിച്ചു (പ്രവൃത്തി 3:16). ദൈവത്തിനു മാത്രം കാണാൻ കഴിയുന്നതു മനുഷ്യർക്കു ഉറപ്പിക്കാൻ മാത്രം കഴിയുന്നതുമായ, വിശ്വാസമാണിത്, ആ അടിസ്ഥാനത്തിന്മേലാണ് ദൈവം അവനെ സൗഖ്യമാക്കിയത്; എല്ലാ അത്ഭുതങ്ങൾക്കും വിശ്വാസം ആവശ്യപ്പെട്ടില്ല, എന്നാൽ അത്ഭുതം നടക്കേണ്ടതായി മനസിലാക്കുകയും വിശ്വാസക്കുറവുണ്ടെങ്കിൽ അത്ഭുതം നടത്തിയിട്ടില്ല (മത്തായി 13:58).

**ഫലത്തിലുള്ള വിശ്വാസം**

പഴയനിയമത്തിലും പുതിയനിയമത്തിലും, ദൈവം അനുഗ്രഹങ്ങൾ

വാഗ്ദാനം ചെയ്യുമ്പോൾ വിശ്വാസത്തിന്റെ അനുഗ്രഹിക്കുന്നത് ഉള്ള അടിസ്ഥാനത്തിലാണ് ആ അനുഗ്രഹം,നല്കുന്നതിനു മുൻപ് വിശ്വാസവും ശരിയായ പ്രതികരണവും അവൻ ആവശ്യപ്പെടുന്നു.

ജനങ്ങളുടെ അവിശ്വാസം നിമിത്തം യേശു തന്റെ സ്വദേശത്തു അധികം അത്ഭുതങ്ങൾ ചെയ്തില്ല (മത്തായി 13:58). ഇതിനർത്ഥം, ആളുകൾ ഭൗതികമായി പ്രതികരിച്ചാൽ പോലും വിശ്വാസമില്ലെങ്കിൽ അവൻ അത്ഭുതം ചെയ്യുമായിരുന്നില്ല. ചില സാഹചര്യങ്ങളിൽ, രോഗികൾക്കു തന്നിലുണ്ടായിരുന്ന വിശ്വാസം നിമിത്തം,അവരിൽ നിന്നു പ്രവൃത്തി ഒന്നും പ്രതീക്ഷിക്കാതെ തന്നെ അവൻ അവരെ സൗഖ്യമാക്കിയിട്ടുണ്ട് (മത്തായി 9:27-29). മറ്റു ചിലരുടെ, കാര്യത്തിൽ അവരെ സൗഖ്യമാക്കുന്നതിനു മുൻപ് അവരിൽ നിന്നു പ്രവൃത്തി ആവശ്യപ്പെട്ടു (യോഹന്നാൻ 9:1-7), വേറെ ചിലരുടെ പ്രിയപ്പെട്ടവരുടെ വിശ്വാസം കാരണം അവരെ സൗഖ്യമാക്കിയിട്ടുണ്ട് (മത്തായി 9:1-7).

*വിശ്വാസത്തിന്മേലും ശരിയായ പ്രതികരണത്തിന്മേലും* അടിസ്ഥാനപ്പെടുത്തിയ അനുഗ്രഹം ലഭിക്കുവാൻ അനുസരണം മാത്രം പോരാ. മനസിലാക്കിയ വാഗ്ദാനം ദൈവം നിറവേറ്റുക തന്നെ ചെയ്യുമെന്ന വിശ്വാസവും വേണം, ഇതു വാസ്തവമല്ലെങ്കിൽ, പിന്നെ വിശ്വാസവും ആവശ്യമില്ല. ദൈവം വാഗ്ദാനം ചെയ്തതു *ഒരാൾ മനസിലാക്കുന്നില്ലെങ്കിൽ ദൈവം ആ വാഗ്ദാനം നിറവേറ്റുമെന്നു അയാൾ എങ്ങനെ വിശ്വസിക്കും?* അബ്രഹാമിനെ കുറിച്ചു പൗലോസ് പറഞ്ഞതു, “അവൻ വാഗ്ദത്തം ചെയ്തതു, പ്രവർത്തിപ്പാനും ശക്തൻ എന്നു പൂർണ്ണമായി ഉറെച്ചു” എന്നാണ് (റോമർ 4:20, 21). വിശ്വാസത്തിൽ അനുസരണം മാത്രമല്ല അടങ്ങിയിരിക്കുന്നത്. വാഗ്ദാനം ചെയ്ത ദൈവത്തിനു അതു നിവർത്തിപ്പാനും കഴിയും എന്നു തീർച്ചപ്പെടുത്തുകയും വേണം (മത്തായി 9:28 നോക്കുക).

**ലക്ഷ്യവും, ഉദ്ദേശവും പ്രവൃത്തിയും**

ശരിയായ പ്രവൃത്തി ശരിയായ ലക്ഷ്യത്തോടും ഉദ്ദേശ ത്തോടും വരേണ്ടതാണെന്നു യേശുക്രിസ്തുവും അപ്പൊസ്തലന്മാരും വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. ശരിയായ പ്രവൃത്തി മാത്രമോ ശരിയായ ലക്ഷ്യം അല്ലെങ്കിൽ ഉദ്ദേശം മാത്രമോ ദൈവം സ്വീകരിക്കുന്നില്ല.

**നീതിയുള്ള പ്രവൃത്തികൾ**

തെറ്റായ ഉദ്ദേശത്തിനായി ചെയ്യുന്ന നീതിപ്രവൃത്തികൾക്കു ദൈവം പ്രതിഫലം തരുകയില്ല എന്നു യേശു പഠിപ്പിച്ചിട്ടുണ്ട്. അവൻ തുടർന്നു, “മനുഷ്യർ കാണേണ്ടതിന്നു നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ” (മത്തായി 6:1). നീതി പ്രവൃത്തി കൾ

ദൈവം ആഗ്രഹിക്കുന്നതാണ് (പ്രവൃത്തികൾ 10:35); എങ്കിലും,നീതി പ്രവൃത്തികൾ ലക്ഷ്യത്തോടും ഉദ്ദേശത്തോടും കൂടെ അല്ലെങ്കിൽ ദൈവം സ്വീകരിക്കയില്ല. *അവൻ പ്രവൃത്തിയിൽ തല്പരനായിരിക്കുന്നതു പോലെ ലക്ഷ്യത്തിലും ഉദ്ദേശത്തിലും തല്പരനാണ്.*

*ഉപദ്രവം സഹിക്കൽ.* ശരിയായ കാരണത്തിനായി ഒരാൾ,ഉപദ്രവിക്കപ്പെട്ടാൽ അതു ദൈവം സ്വീകരിക്കുന്നതാണ് (മത്തായി 5:10). ചിലർ വിചാരിക്കുന്നതു പീഢനം മറ്റുള്ളവരുടെ ഉയർച്ചയ്ക്കു കാരണമായി തീരും എന്നാണ്, എന്നാൽ തെറ്റായ ഉദ്ദേശത്തിനായി, ഒരാൾ തന്റെ ശരീരം ചുടുവാൻ ഏല്പിച്ചാൽ പ്രയോജനമില്ല (1 കൊരിന്ത്യർ 13:3). പ്രവൃത്തിയിൽ ദൈവം തല്പരനായിരിക്കുന്നതു പോലെ ഉദ്ദേശത്തിലും തല്പരനാണ്.

*കൊടുക്കൽ.* ദരിദ്രരെ സഹായിക്കുവാൻ ദൈവം തന്റെ അനുയായികളോടു കല്പിച്ചിട്ടുണ്ട് (ഗലാത്യർ 2:10). ചിലർ തെറ്റായ ഉദ്ദേശം വെച്ചു സാധുക്കളെ സഹായിച്ചേക്കാം, അവർക്കു ദൈവത്തിൽ നിന്നു പ്രതിഫലമില്ല (മത്തായി 6:2-4; 1 കൊരിന്ത്യർ 13:3).

"വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യമെന്നു കർത്താ വു പറഞ്ഞത്" പൗലോസ് ഉദ്ധരിക്കയുണ്ടായി, (പ്രവൃത്തികൾ 20:35). ദാതാവായ ദൈവത്തെ പോലെയാകുവാനുള്ള, ഒരു ക്രിസ്ത്യാനിയുടെ അടിസ്ഥാന പ്രതികരണമാണ് നല്കൽ (യോഹന്നാൻ 3:16), നല്കുന്ന മാതൃകയാണ്, ദൈവപുത്രനും കാണിച്ചു തന്നിരിക്കുന്നത്, (ഗലാത്യർ 2:20) "സങ്കടത്തോടെയോ നിർബന്ധത്താലെയോ" ഉള്ള നല്കൽ ഉണ്ട്. പക്ഷേ ദൈവം ആഗ്രഹിക്കുന്നത് അതല്ല (2 കൊരിന്ത്യർ 9:7). ശരിയായ ഉദ്ദേശം ഉൾക്കൊള്ളാത്ത പ്രവൃത്തി ദൈവത്തിന്റെ ദൃഷ്ടിയിൽ, ശൂന്യവും പൊള്ളയായതുമാണ്.

*പ്രാർത്ഥനയും ഉപവാസവും.* പ്രാർത്ഥിക്കയും ഉപവസിക്കയും ചെയ്തവരിൽ ശരിയായ ഉദ്ദേശം ദൈവം പ്രതീക്ഷിച്ചിരുന്നു (മത്തായി 6:5-7, 16-18). മനുഷ്യരെ കാണിക്കേണ്ടതിനുള്ള പ്രാർത്ഥനയും ഉപവാസവും ദൈവം തള്ളികളയുന്നു (മത്തായി 6:5-7). ശരിയായ ഉദ്ദേശമില്ലാത്ത പ്രവൃത്തി ദൈവത്തിനു അസ്വീകാര്യമത്രേ.

*ഉപദേശം.* തന്റെ അനുയായികൾ മറ്റുള്ളവരെ പഠിപ്പിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു (2 തിമൊഥെയൊസ് 2:2). *ശരിയായ ഉപദേശം* കൂടാതെയാണെങ്കിലും ശരിയായ ഉപദേശം നടത്തുന്നതു ദൈവം സ്വീകരിക്കും (ഫിലിപ്പിയർ 1:15-18), ശരിയായ ഉദ്ദേശമില്ലാതെ ശരിയായി ഉപദേശിക്കു *ന്നവൻ* ദൈവത്തെ പ്രസാദിപ്പിക്കുകയല്ല ചെയ്യു ന്നത് (1 കൊരിന്ത്യർ 9:16, 17). പ്രവൃത്തി ശരിയായിരിക്കാം, പക്ഷേ ഉദ്ദേശം തെറ്റാണെങ്കിൽ അതു ദൈവത്തിനു അസ്വീകാര്യമാണ്.

*പാട്ടുപാടൽ.* പാട്ടുപാടൽ ദൈവത്തിന്റെ കല്പനയാണ്

(എഫെസ്യർ 5:19; കൊലൊസ്യർ 3:16); ദൈവം കല്പിച്ചിരിക്കുന്നു എന്നതുകൊണ്ടു, മാത്രം പാട്ടു പാടിയാൽ പോരാ. ഹൃദയത്തിൽ നിന്നു പാട്ടു പാടുവാൻ കൂടെ ദൈവം ആഗ്രഹിക്കുന്നു (എഫെസ്യർ 5:19). പാട്ടുപാടൽ ദൈവ സന്നിധിയിൽ സ്വീകാര്യമാകേണ്ടതിന്നു ശരിയായ ലക്ഷ്യവും ഉദ്ദേശവും വേണം.

*കർത്തൃമേശ.* ദൈവത്തിന്റെ മറ്റൊരു കല്പനയാണ് കർത്തൃമേശ (1 കൊരിന്ത്യർ 11:23-26). കർത്തൃമേശയിൽ നിന്നു ഭക്ഷിക്കയും കുടിക്കയും ചെയ്യുന്ന ക്രിസ്ത്യാനിയോടു ചോദിക്കണം, "നിങ്ങൾ ഇതു ചെയ്യുന്നതെന്തുകൊണ്ട്?"

"അപ്പത്തിൽ നിന്നു ഭക്ഷിക്കുവാനും പാനപാത്രത്തിൽ നിന്നു കുടിക്കുവാനും ദൈവം കല്പിച്ചിരിക്കുന്നു" എന്നു അയാൾ, പറഞ്ഞേക്കാം.

"നിങ്ങൾ അതു തിന്നുകയും കുടിക്കുകയും ചെയ്യുന്ന തിന്റെ ഉദ്ദേശമെന്ത്?" എന്ന് വീണ്ടും ചോദിച്ചേക്കാം.

മറുപടി, "ദൈവം കല്പിച്ചിരിക്കുന്നു" എന്നു മാത്രമാണെങ്കിൽ വീണ്ടും ചോദിക്കാം.

തിന്നുകയും കുടിക്കുകയും ചെയ്യുന്നതിൽ ഉദ്ദേശമില്ലേ? എന്ന്. അതിനുള്ള മറുപടി, "എനിക്കറിഞ്ഞുകൂടാ, ദൈവം കല്പിച്ചിരിക്കുന്നു, എന്നു മാത്രമാണ് എനിക്കറിയാവുന്നതു എന്നാണെങ്കിൽ."

അതു യേശുവിന്റെ ശരീരവും, അപ്പവും അവന്റെ രക്തവും പാന പാത്രവും തമ്മിലുള്ള ബന്ധം *മനസിലാക്കാതെയുള്ള* അന്ധമായ അനുസരണമാണത്.

പ്രവൃത്തി ശരിയായിരിക്കാം. പക്ഷേ, ലക്ഷ്യവും ഉദ്ദേശവും തെറ്റായിരിക്കാം. ദൈവ സന്നിധിയിൽ സ്വീകാര്യമാകേണ്ടതിന്നു പ്രവൃത്തിയോടൊപ്പം ലക്ഷ്യവും ഉദ്ദേശവും ശരിയായിരിക്കണം (1 കൊരിന്ത്യർ 11:27-31).

### ലക്ഷ്യവും ഉദ്ദേശവും

മിക്കവാറും കാര്യങ്ങൾ ഒരു പ്രവൃത്തി തെറ്റോ ശരിയോ എന്നു തീരുമാനിക്കുന്നതു ലക്ഷ്യമാണ്. ചിലതു ലക്ഷ്യം തെറ്റുമ്പോഴാണ് തെറ്റാകുന്നത്; ലക്ഷ്യം എന്തു തന്നെ ആയാലും, വേറെ ചിലതു ഉദാഹരണമായി മദ്യപാനം, വ്യപിചാരം, എന്നിവ പാപം തന്നെയാണ്.

യേശു പറഞ്ഞു, "... സ്ത്രീയെ മോഹിക്കേണ്ടതിന്നു അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ടു അവളോടു വ്യപിചാരം ചെയ്തു പോയി" എന്നു (മത്തായി 5:28). വെറുതെ നോക്കുന്നതു, ഹൃദയത്തിൽ വ്യഭിചാരമാകുന്നില്ല, സ്ത്രീയിൽ ലൈംഗിക ആസക്തിയോടെ നോക്കുന്ന വ്യക്തി, അവളുടെ ഹൃദയത്തിൽ വ്യപിചാരം ചെയ്തു

പോയി. നോക്കുന്ന പ്രവൃത്തി ശരിയും തെറ്റുമാകാം. വ്യത്യാസം വരുത്തുന്നതു ഉദ്ദേശമാണ്.

പ്രവൃത്തി ചെയ്യുന്ന വ്യക്തിയുടെ ഉദ്ദേശമാണ് അധികം പ്രവൃ ത്തികളിലും ശരിയും തെറ്റും തീരുമാനിക്കുന്നത്. ദൈവം കല്പിച്ചിരി ക്കുന്നതു അനുസരിക്കുക എന്നതു പ്രാധാന്യമുള്ള കാര്യമാണ്, പക്ഷേ അത്തരം അനുസരണം മാത്രം പോരാ. ശരിയായ ഉദ്ദേശത്തോടെ യുള്ള അനുസരണമാണ് ദൈവം സ്വീകരിക്കുന്നത്.

**ഉപസംഹാരം**

വിശ്വാസത്തിൽ അധിഷ്ഠിതമായ ഓരോ പ്രവൃത്തികൾക്കും ഒപ്പം ശരിയായ മനസിലാക്കൽ ലക്ഷ്യം, ഉദ്ദേശം എന്നിവ ദൈവം ആവശ്യപ്പെടുന്നു. ശരിയായ മനസിലാക്കലിന്റേയും അടിസ്ഥാനത്തിലുള്ള പ്രതികരണം ദൈവം ആവശ്യപ്പെടുന്നില്ലെങ്കിൽ, അനുഗ്രഹത്തിലുള്ള വിശ്വാസ പ്രവൃത്തിയല്ല, *അന്ധമായ അനുസരണം* അവൻ ആവശ്യപ്പെടുന്നു എന്നു വരും. രക്ഷയുടെ അടിസ്ഥാനം *അനുസരണമുള്ള വിശ്വാസമാണ്* (റോമർ 1:5, എഫെസ്യർ 2:8; എബ്രായർ 5:9). അതിൽ ദൈവത്തിന്റെ വാഗ്ദാനത്തിലുള്ള വിശ്വാസവും മനസിലാക്കലും ഉൾപ്പെടുന്നു, അല്ലെങ്കിൽ അനുസരണം ദൈവ വാഗ്ദാനത്തിലുള്ള വിശ്വാസ പ്രവൃത്തിയായി തീരുന്നില്ല, അതു അന്ധമായ അനുസരണമാകും. അന്ധമായ അനുസരണ പ്രവൃത്തിയിൽ, ആശ്രയിക്കുന്നവർ ശരിയായ മനസിലാക്കൽ, ലക്ഷ്യം, ഉദ്ദേശം എന്നിവയെ ദുർബ്ബലമാക്കുന്നു. അത്തരത്തിലുള്ള രക്ഷാപ്രവൃത്തികൾ ചെയ്യുന്നതിനു മുമ്പ് ദൈവം സ്വീകരിക്കുന്ന ലക്ഷ്യവും ഉദ്ദേശവുമുള്ള പ്രവൃത്തികൾ തിരിച്ചറിയണം.

വിശ്വാസ തത്വത്തിൽ താഴെ കൊടുത്തിരിക്കുന്നവ അടങ്ങിയിരിക്കുന്നു:

(1) വാഗ്ദാനം ചെയ്തിരിക്കുന്നതിനെ ഒരാൾ *മനസിലാക്കണം.* ദൈവവചന കേൾവിയിൽ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതാണ് വിശ്വാസം (റോമർ 10:17), അതിൽ മനസിലാക്കലും അന്തർലീനമാണ്.

(2) *വാഗ്ദാനം ചെയ്തിട്ടുള്ളതു ദൈവം നിറവേറ്റുമെന്നു* ഒരാൾ വിശ്വസിക്കണം "ദൈവം വാഗ്ദത്തം ചെയ്തതു, പ്രവൃത്തിപ്പാനും ശക്തൻ എന്നു അബ്രഹാം പൂർണ്ണമായി ഉറച്ചു വിശ്വസിച്ചു" എന്നു പൗലോസ് എഴുതി (റോമർ 4:21).

(3) *വാഗ്ദത്തം ചെയ്തവൻ* വിശ്വസ്തൻ എന്നു ഒരാൾ പരിഗണിക്കണം. സാറായ്ക്കു ദൈവത്തിലുണ്ടായിരുന്ന വിശ്വാസത്തെ കുറിച്ചു എഴുതിയിരിക്കുന്നു, "... വിശ്വാസത്താൽ സാറായും വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ എന്നെണ്ണി" (എബ്രായർ 11:11).

(4) ആഗ്രഹിച്ച നേട്ടത്തിനും ആവശ്യപ്പെട്ട പ്രവൃത്തിക്കും തമ്മിൽ

യുക്തിപരമായ ബന്ധം വേണമെന്നില്ല. യെരിഹോമതിൽ വീഴുന്നതും യിസ്രായേൽ ജനത്തിന്റെ പ്രവൃത്തിയും തമ്മിലുള്ള ബന്ധം അവർക്കു ഊഹിക്കാൻ കഴിഞ്ഞിരുന്നില്ല; അവർക്കു ദൈവത്തിലുണ്ടായിരുന്ന വിശ്വാസത്താൽ അവർ ചുറ്റി നടന്നു, നിലവിളിച്ചു, കാഹളം ഊതുകയും ചെയ്തു. അവർ കാഴ്ചയാലല്ല, ദൈവത്തിലുള്ള വിശ്വാസത്താലാണ് അങ്ങനെ ചെയ്തതു (എബ്രായർ 11:30; 2 കൊരിന്ത്യർ 5:7).

(5) സ്വന്ത നേട്ടത്തിലല്ല പിന്നെയോ *ദൈവം എന്തു നിർവ്വ ഹിക്കുമെന്നതിലാണ്*, വിശ്വാസം അർപ്പിക്കേണ്ടത്. ദൈവം വാഗ്ദത്തം ചെയ്തതു നിർവ്വഹിക്കുമെന്നു അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു (റോമർ 4:21). യെരിഹോ മതിലിനു ചുറ്റും നടന്നിരുന്നവർ, പട്ടണ മതിൽ വീഴുന്നതു തങ്ങളുടെ ശക്തികൊണ്ടല്ല, ദൈവത്തിന്റെ ശക്തികൊണ്ടാണെന്നു വിശ്വസിച്ചിട്ടുണ്ട്. ഒഴിവുകഴിവുകൾ സംഭവിക്കുന്നുണ്ട്, എന്നാൽ ആഗ്രഹിച്ച ഫലമുണ്ടാകുന്നതിനു ദൈവ കല്പന പ്രവ ർത്തിക്കാൻ പ്രേരിപ്പിക്കുന്ന വിശ്വാസം ദൈവം ആശ്യപ്പെടുന്നു. അത്തരം ഒഴിവുകഴിവിൽ പെട്ടതാണ് നോഹ പെട്ടകം ഉണ്ടാക്കി തന്റെ കുടുംബത്തെ രക്ഷിക്കുന്നതു (എബ്രായർ 11:7).

(6) ദൈവം വാഗ്ദാനം എങ്ങനെ പാലിക്കുമെന്ന ഒരാൾക്കു അറിയില്ലെങ്കിലും ദൈവത്തിന്റെ വാഗ്ദാന നിവർത്തിക്കുള്ള കഴിവിനെ വിശ്വാസം സ്വീകരിക്കുന്നു. ഉദാഹരണമായി, അബ്രഹാം തന്റെ ഏകജാതനെ ദൈവം യാഗമർപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ തയ്യാറായി. ആ സന്തതിയിൽ കൂടെ അവനെ വലിയൊരു ജാതിയാക്കുമെന്നു ദൈവം വാഗ്ദാനം ചെയ്തതു *അതെങ്ങനെ* എന്ന് അവനറിഞ്ഞുകൂടായിരുന്നു. പക്ഷേ ദൈവം *പ്രവർത്തിക്കുമെന്നു* അവൻ വിശ്വസിച്ചു (എബ്രായർ 11:17–19). അവനെ ദൈവത്തിന്റെ കല്പന, ദൈവം വാഗ്ദാനം ചെയ്തതു നിവർത്തിക്കും എന്ന വിശ്വാസത്താലാണ് അനുസരിച്ചത്.

(7) അന്ധമായ അനുസരണ തത്വത്തിനപ്പുറം പോകുന്നതാണ് വിശ്വാസം ദൈവത്തിലുള്ള ഉറപ്പാണ് വിശ്വാസം ആവശ്യപ്പെടുന്നത്. ദൈവം, ആവശ്യപ്പെടുന്നതു മനുഷ്യർ ചെയ്യുമ്പോൾ, ദൈവം വാഗ്ദാനം ചെയ്തതു നിവർത്തിക്കും.

വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാദ്ധ്യമല്ല (എബ്രായർ 11:6). ദൈവത്തെ പ്രസാദിപ്പിക്കുന്നവരിൽ നിന്നു അവൻ ആവശ്യപ്പെടുന്ന വിശ്വാസം ദൈവം വാഗ്ദാനം ചെയ്തതു നിറവേറുമെന്നു കരുതി പ്രവർത്തിക്കുന്ന വിശ്വാസമാണ്.

ദൈവത്തിലുള്ള വിശ്വാസത്തിൽ അവൻ ഉണ്ടെന്നു സമ്മതിക്കലിൽ കൂടുതൽ അടങ്ങിയിട്ടുണ്ട് തന്നെ അന്വേഷിക്കുന്നവർക്കു അ വൻ പ്രതിഫലം നല്കുമെന്നുള്ള ആശ്രയം ദൈവം ആവശ്യപ്പെടുന്നു (എബ്രായർ 11:6). താൻ പ്രവൃത്തിച്ചാൽ ദൈവം പ്രതിഫലം തരുമെന്നു മനസിലാ

യില്ലെങ്കിൽ, അവനു വിശ്വാസത്താൽ പ്രവർത്തിക്കാൻ സാദ്ധ്യമല്ല. ഒരാൾക്കു വാഗ്ദാനത്തെ അനുസരിക്കാൻ കഴിയുകയില്ല. എന്നാൽ ദൈവം വാഗ്ദാനം ചെയ്തതു കിട്ടുവാൻ അവൻ ദൈവത്തിലുള്ള വിശ്വാസത്താൽ പ്രവർത്തിക്കും.

പൊള്ളയായ ചടങ്ങിനും അന്ധമായ അനുസരണത്തിനും അപ്പുറമായി തീരേണ്ട അഞ്ചു ഘടകങ്ങളിൽ ഒന്നായ, സ്നാനം ഉദാഹരണമായി എടുക്കാം (നമ്പർ 4). *ദൈവം വാഗ്ദാനം ചെയ്ത അനുഗ്രഹം പ്രാപിക്കുവാനുള്ള വിശ്വാസ പ്രവൃത്തിയാണ് സ്നാനം,* അതു പ്രവൃത്തിയില്ലാത്ത വിശ്വാസമല്ല, അന്ധമായ അനുസരണമല്ല, ഫലം കിട്ടുന്നതിനുള്ള പ്രവൃത്തിക്കു ഉദ്യമിപ്പിക്കുന്ന വിശ്വാസവുമല്ല, മറ്റുള്ളവരുടെ വിശ്വാസത്താലുമല്ല. സ്നാനത്തെ സംബന്ധിച്ച പൗലോസിന്റെ ചർച്ച നമുക്കു പിന്നെ നോക്കാം, അതു അന്ധമായ അനുസരണത്തേക്കാൾ അധികമാണെന്നു വിശദമാക്കുന്നു.

വാഗ്ദാനം ചെയ്ത അനുഗ്രഹം ലഭിക്കേണ്ടതിനു ആവശ്യപ്പെടുന്ന വിശ്വാസത്താലുള്ള പ്രവൃത്തിയാണ് സ്നാനം, വാഗ്ദത്ത അനുഗ്രഹം *നേടിയെടുക്കു*ന്നതിനല്ല അത്. സ്നാനവും പാപമോചനവും തമ്മിൽ യുക്തിപരമായി ഊഹിക്കാവുന്ന ബന്ധമില്ലെങ്കിലും, കർത്തൃമേശയിലെന്നപോലെ, യേശുവിന്റെ വീണ്ടെടുപ്പു പ്രവർത്തിയും സ്നാനവും തമ്മിൽ ബന്ധമുണ്ടെന്നും നാം മനസിലാക്കണം. കർത്തൃമേശയിൽ നിന്നു പങ്കെടുക്കുന്നവർ, ആത്മീയമായി യേശുവിന്റെ ശരീരത്തിൽ നിന്നും രക്തത്തിൽ നിന്നും തിന്നുകയും കുടിക്കുകയും ചെയ്യുകയാണ് (1 കൊരിന്ത്യർ 10:16; 11:23–26). സ്നാനത്തിൽ ഒരാൾ, പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിക്കുമ്പോൾ യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയിൽ പങ്കുകാരനാകുന്നു (റോമർ 6:4–6, 17, 18; കൊലൊസ്യർ 2:12). ആത്മീയമല്ലാതെയും, അധികം മനസിലാക്കാതെയും ചെയ്യുന്ന സ്നാനമായാലും കർത്തൃമേശയായാലും രണ്ടും അന്ധമായ അനുസരണത്തിന്റെ ചടങ്ങായി തീരുന്നു.

പാപങ്ങളെ മോചിപ്പിക്കുന്ന അതിൽ തന്നെയുള്ള ശക്തി സ്നാനത്തിലില്ല. ഇതിന്റെ അർത്ഥം, സ്നാനപ്പെടുന്ന വ്യക്തി തന്റെ കഴിവനുസരിച്ചു നേടുവാ*നല്ല*, വെള്ളത്തിലുള്ള ശക്തിയി*ലല്ല*, സ്നാനപ്പെടുന്ന വ്യക്തിയുടെ മഹിമയല്ല, മറിച്ച് യേശുവിന്റെ രക്തത്തിലുള്ള വിശ്വാസമാണ് വേണ്ടതെന്നർത്ഥം (പ്രവൃത്തി 2:38). *സ്നാനത്തിൽ ദൈവം വെച്ചിരിക്കുന്ന ബന്ധം അതായതു, സ്നാവും യേശുക്രിസ്തുവിന്റെ രക്തവും, പാപമോചനവും തമ്മിലുള്ള ബന്ധം മനസിലാക്കാതെ എടുക്കുന്ന സ്നാനം, വിശ്വാസത്താലുള്ള പ്രവൃത്തിയാകുന്നില്ല.* സ്നാനത്തെ യേശുക്രിസ്തുവിന്റെ ശുദ്ധീകരണ ശക്തിയിൽ നിന്നകറ്റുന്ന ഏതൊരു ഉപദേശവും, സ്നാനത്തെ യേശുവിന്റെ രക്തത്തിലുള്ള